(സി) & (ഡി) കഴിഞ്ഞ വർഷങ്ങളിൽ ഏലത്തിനുണ്ടായ കുത്തനെയുള്ള വില തകർച്ചയും കഴിഞ്ഞ വർഷത്തെ പ്രതികൂല കാലാവസ്ഥ കാരണം ഉണ്ടായ വിളനഷ്ടവുംമൂലം ഉണ്ടായ കടുത്ത സാമ്പത്തിക ഞെരുക്കംകൊണ്ട് വേതനം നൽകുന്നതിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ട്.

(ഇ) ജോലിയോ വേതനമോ ഇല്ലാതെ കഴിയേണ്ട അവസ്ഥ തൊഴിലാളികൾക്ക് ഉണ്ടായിട്ടില്ല. തോട്ടം അടച്ചിടേണ്ടതായ 2005 ഫെബ്രുവരി 16 മുതൽ മേയ് 15 വരെയുള്ള അവധിക്കാലത്തുപോലും തൊഴിലാളികൾക്ക് റൊട്ടേഷൻ രീതിയിൽ ജോലി നൽകിയിട്ടുണ്ട്. മേയ്, ജൂൺ മാസങ്ങളിൽ തൊഴിലാളികൾക്ക് വേതനം ഇനത്തിൽ തുക വിതരണം ചെയ്തിട്ടുണ്ട്. വേനൽ അവധി കഴിഞ്ഞ് തോട്ടം തുറന്നതിനുശേഷം കുടിശ്ശിക വേതനങ്ങൾ ഓരോന്നായി നൽകുന്നുണ്ട്. വരും മാസങ്ങളിൽ (ആഗസ്റ്റ് മുതൽ) ഏലത്തിന്റെ വിളവെടുപ്പ് തുടങ്ങുന്ന മുറയ്ക്ക് കുടിശ്ശികകൾ ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുന്നതാണ്.

സംസ്ഥാനത്ത് നിലവിലുള്ള ആനകൾ

106 [1044] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ആനകൾ ഉണ്ട്; ഇതിൽ കാട്ടാനകൾ എത്രയെന്നും, നാട്ടാനകൾ എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) യു. ഡി. എഫ്. സർക്കാർ ഭരണമേറ്റശേഷം നാളിതുവരെ എത്ര കാട്ടാനകൾ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എത്ര നാട്ടാനകൾ പീഡനമേറ്റ് ചരിഞ്ഞിട്ടുണ്ട്; ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ എത്ര തൂക്കം വരുന്ന ആനക്കൊമ്പ് ശേഖരം ഉണ്ടെന്നും അവയ്ക്ക് എന്ത് വില വരുമെന്നും അറിയിക്കാമോ;

(ഇ) യു. ഡി. എഫ്. സർക്കാർ അധികാരമേറ്റശേഷം എത്ര അനധികൃത ആനക്കൊമ്പ് വ്യാപാര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(എഫ്) ആനകൾക്ക് നേരെ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ; ഇത്തരം കേസുകളിൽ ഇപ്പോൾ നിലവിലുള്ള ശിക്ഷാനടപടികൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഉദ്ദേശം 7654 ആനകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. 2002-ൽ നടത്തിയ വന്യജീവി സെൻസസ് അനുസരിച്ച് 8939 കാട്ടാനകളും 715 നാട്ടാനകളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) 20 എണ്ണം.

(സി) പീഡനമേറ്റ് ചരിഞ്ഞ ആനകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾസ്-2003 നിലവിൽ വന്നതിനുശേഷം പീഡനമേറ്റ് 3 ആനകൾ ചരിഞ്ഞതിന് കേസെടുത്തിട്ടുണ്ട്.

(ഡി) 3582.28 കി.ഗ്രാം ആനക്കൊമ്പ് വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ ഉണ്ട്. ആനക്കൊമ്പിന്റെ വിപണനം നിരോധിച്ചിരിക്കുന്നതിനാൽ വില നിശ്ചയിക്കുവാൻ സാധ്യമല്ല.

(ഇ) 15 കേസുകൾ. കേസുകൾ വിശദമായി അന്വേഷിച്ച് കോടതിയിൽ ചാർജ്ജ് ചെയ്ത് കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(എഫ്) ശ്രദ്ധിച്ചിട്ടുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരവും, നാട്ടാനകളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി 2003-ൽ ഉണ്ടാക്കിയ ക്യാപ്റ്റീവ് എലിഫന്റ്സ് മാനേജ്മെന്റ് ആന്റ് മെയിന്റനൻസ് റൂൾസ് പ്രകാരമുള്ള ശിക്ഷാനടപടികളാണ് നിലവിലുള്ളത്.

തടിയുടെ ഇറക്കുമതി

107 [1045] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുള്ള തടിയുടെ ഭൂരിഭാഗവും വിദേശരാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുകയാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓരോ വർഷവും തടി ഇറക്കുമതി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ മൂന്നു വർഷക്കാലം ഇപ്രകാരം സംസ്ഥാനത്ത് എത്ര തടി ഇറക്കുമതി ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഒരു വർഷം ആവശ്യമായിട്ടുള്ള തടിയും ഇവിടുത്തെ ലഭ്യതയും താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly